# റഹ്മാനിയ എച്ച്.എസ്

# ആയഞ്ചേരി

RAHMANIYA
HIGHER SECONDARY SCHOOL AYANCHERI

## സ്കൂൾ മാഗസിൻ

# കുട്ടിക്കൂട്ടം

# ഡിജിറ്റൽ പെയിൻറിംഗ്



ഡാമിൻ മുഹമ്മദ് (8C) ജിംബിൽ തയ്യാറാക്കിയ ഡിജിറ്റൽ പെയിൻറിംഗ്

# വീരാൻ കുട്ടിയുടെ കവിത ചൊല്ലി ഞാൻ വിട പറയുന്നു !...



സതീഷ് കെ ചേരാപുരം

ഈ വർഷം സർവീസിൽ നിന്നും വിരമിക്കുന്ന HST സതീഷ് കെ ചേരാപുരുത്തിന്റെ വാക്കുകൾ

ഔദ്യോഗികമായവിരാമത്തിന്ഇനിയും മാസങ്ങൾബാക്കിയുണ്ടെങ്കിലുംഅദ്ധ്യാപക ജീവിതത്തിന്റെഅവസാനത്തെപിരീഡിന് സ്വയംമണിയടിച്ച്ഞാൻഅവധിയിലേക്ക് പ്രവേശിച്ചു ! 1993 ജൂൺ 7 ന് ആരംഭിച്ച അദ്ധ്യാപനത്തിന്റെ ആദ്യത്തെ പിരീഡ് ഏത് പാഠത്തിലാണ് തുടങ്ങിയത് എന്നെനിക്കോർമ്മയില്ല ! പക്ഷേ പടിയിറങ്ങുംമുമ്പ്പാടിതീർത്ത,പറഞ്ഞ് തീർത്തഅവസാനപാഠംവീരാൻകുട്ടിയുടെ അതിജീവനംഎന്നകവിതയായിരുന്നു.

വേനലിനെഅതിജീവിക്കാനാവാത്തഒരു കുഞ്ഞുപുല്ലിന്റെവേദനയാണ്കവിതയുടെ പ്രമേയം!തന്റെകഴിവ്കൊണ്ട്ഒരിക്കലും രക്ഷപ്പെടാനാവാത്ത , മറ്റാരും രക്ഷപ്പെടുത്താൻഒരുസാധ്യതയുമില്ലാത്ത, നിസ്സാരമെന്ന് ലോകം കരുതുന്ന നിരാലംബമായഒരുകുഞ്ഞുപുല്ലിനെകണ്ണ് തുറന്ന് കാണാൻ , അല്ലെങ്കിൽ "തൃണവത്ഗണി"ക്കാതിരിക്കാൻ ഒരു കവിക്ക് കഴിയില്ല എന്നതിന്റെ സാക്ഷ്യപത്രമാണ്ഈകവിത.തന്റെഎല്ലാ ശ്രമങ്ങളും ഇവിടെ നിഷ്ഫലമാണെന്ന് കവിക്കറിയാമെങ്കിലുംവേനലിനെതനത് രീതിയിൽ അതിജീവിക്കുന്ന കൊന്ന മരത്തോടും ഉങ്ങ് മരത്തോടും തനിക്ക് പ്രിയപ്പെട്ട കുഞ്ഞു പുല്ലിനെ രക്ഷപ്പെടുത്താൻ കവി അപേക്ഷിക്കുകയാണ് ജീവിതം അങ്ങനെയാണല്ലോ ഏത് ദുരന്തത്തിലും അപ്രതീക്ഷിതമായ് ചിലകൈകളാണല്ലോ താങ്ങും തണലുമാവുന്നത് ! ഓർക്കാപ്പുറത്താണല്ലോ അതിശയങ്ങൾ സംഭവിക്കുന്നത് ? അത് കൊണ്ടാവണം വേനലിന് മുന്നിൽ അതിജീവനത്തിന്റെ ആശ്ചര്യകലയുമായിനിൽക്കുന്നപ്രസ്തുത വൃക്ഷങ്ങളോട്തന്നെഈകുഞ്ഞുപുല്ലിനെ രക്ഷപ്പെടുത്താൻ കവി പറയുന്നത് ! തങ്ങളുടെ തികവുറ്റ സമൃദ്ധിയിൽ നിന്നല്ലാതെ ആർക്കാണ് മറ്റുള്ളവരെ സഹായിക്കാനാവുക?

ഏത്കൊടുങ്കാറ്റിനെയുംഅതിജീവിക്കുന്ന ഒരു കുഞ്ഞു പുല്ലിന് വേനലിനെ അതിജീവിക്കാൻ വൃക്ഷങ്ങളുടെ തണല് തേടേണ്ടി വരുന്ന വൈരുധ്യവും ഇവിടെ ഓർക്കേണ്ടതുണ്ട് ! തന്റെ കുഞ്ഞത്തവും ബലമില്ലായ്മയുംകാറ്റിന്മുമ്പിൽപുല്ലിന്റെ ശക്തിയാവുമ്പോൾ വൻ വൃക്ഷങ്ങൾക്ക് അവയുടെ വലിപ്പവും ബലവും കാറ്റിന് മുമ്പിൽ ശക്തിയില്ലായ്മയാവുന്നു ! അത് കൊണ്ട് തന്നെ ചെറുതിന്റേയും വലുതിന്റേയും ഏത് രീതിയിലുള്ള അതിജീവനഅഹങ്കാരങ്ങൾക്കുംഅധികം ആയുസ്സില്ല എന്ന് കൂടി ഈ വരികൾ പരോക്ഷമായിസൂചിപ്പിക്കുന്നുണ്ട്കാരണം സന്ദർഭങ്ങൾക്കനുസരിച്ചാണ് ബലാബലങ്ങൾനിർണ്ണയിക്കപ്പെടുന്നത്! ഇത്തരം തിരിച്ചറിവുകൾ കണ്ടെത്തേണ്ട ഏക ജീവി മനുഷ്യനാണ് ! അത് കൊണ്ട് തന്നെ അവനല്ലാതെ മറ്റാർക്കാണ് ഇതര ചരാചരങ്ങൾക്ക് മുമ്പിൽ പോലും അനന്യമായഅറിവുകളുടെദ്രുതപാഠങ്ങൾ പകർന്നുനൽകാൻകഴിയുക!

ഇപ്പറഞ്ഞതൊക്കെ കവിതയുടെ പ്രത്യക്ഷവായന നൽകുന്ന അർത്ഥ സാധ്യതകളാണ്!സൂക്ഷ്മതലത്തിൽകുഞ്ഞ് പുല്ല്ഇവിടെഒരുപ്രതീകംമാത്രമാണ്!എന്നും അവഗണിക്കപ്പെടുന്ന,മാറ്റിനിർത്തപ്പെടുന്ന, തന്റെവലിപ്പത്തെചെറുപ്പത്തിൽഒതുക്കുന്ന എന്തിനേയുംഇവിടെഒരുകുഞ്ഞ്പുല്ലിന്

പകരംകാണാം.അത്തരംകാഴ്ചകളിലേക്ക് കണ്ണ് തുറക്കലാണ് സംസ്കാരം ! കവിതയും സാഹിത്യവും അദ്ധ്യാപനവും ആ വഴിയിലേക്കുള്ള തീർത്ഥയാത്രകളാണ് ! ആ യാത്ര വായനക്കാരൻ സ്വയം നടത്തേണ്ടതാണ് എന്ന് മാത്രം ! അല്ലെങ്കിൽ അവർക്ക് മാത്രമേ അത് നടത്താനാവൂഎന്നതാണ്കാവ്യനീതി!

ഇപ്പോഴുംഒരുചൂണ്ടുവിരൽപാതകാട്ടി മടങ്ങാനെഇവിടെഎന്നിലെമലയാളം മാഷിന് കഴിഞ്ഞുള്ളൂ എന്ന വിഷമം ഉള്ളിലുണ്ട് ! മുമ്പ് ഓരോ ക്ലാസ്സ് പിന്നിടുമ്പോഴുംഅത് ഉണ്ടായിരുന്നു! കാരണം അദ്ധ്യാപനത്തിൽ മൂന്ന് പതിറ്റാണ്ട് കാലത്തെ വളർച്ചയുണ്ടെങ്കിലുംഇന്നുംഞാനൊരു കുഞ്ഞുപുല്ലാണ്!ആനിസ്സാരതയുടെ ബലത്തിൽ , വ്യാഖ്യാനിക്കുമ്പോൾ നഷ്ടപ്പെടുന്നതാണ് കവിത എന്ന തിരിച്ചറിവിൽ ഒടുവിൽ പടിയിറങ്ങുകയാണ്!മുന്നിൽഇനിയും വായിച്ച്തീർക്കേണ്ടകവിതപോലെ, തീർന്നു പോവും മുമ്പ് ഒരു പിടിയും തരാത്തജീവിതം!...

# ആശംസ

ഈ വർഷം സർവീസിൽ നിന്നും വിരമിക്കുന്ന LPST
പി.സാറ ടീച്ചറുടെ ആശംസ



സ്കൂളുകളിൽ ഹൈടെക് ക്ലാസ് റൂമുകളും ഐസിടി അധിഷ്ഠിത പഠനവും യാഥാർത്ഥ്യമായിരിക്കുകയാണ്. സ്കൂളുകളിൽ ലഭിച്ച സാങ്കേതികവിദ്യാപകരണങ്ങൾ സ്കൂളുകളിൽ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും പരിപാലനത്തിനും അധ്യാപകരോടൊപ്പം വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തുവാനായി ആരംഭിച്ച ലിറ്റിൽ കൈറ്റ്സിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു

സാറ.പി
റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ
ആയഞ്ചേരി

# വയനാടൻ യാത്ര

## ഋതികാ ദാസ് 8E

2023 ജൂൺ പത്തിന് രാവിലെ ആറുമണിക്ക് ഞാനും എൻറെ ഫാമിലിയും മറ്റു മൂന്നു ഫാമിലിയും കൂടി ട്രാവലിൽ നിന്നും യാത്ര ആരംഭിച്ചു. കുറ്റ്യാടി ചുരം വഴി വയനാട്ടിലേക്ക് കടന്നു പ്രഭാതത്തിലെ കാറ്റിന് നല്ല വളരെ തണുപ്പ് അനുഭവപ്പെട്ടു വയനാട്ടിലെ ശീതളമായും മനോഹരതയും ആസ്വദിച്ച് ഞങ്ങൾ പ്രഭാതം കഴിച്ചു. ഞങ്ങളുടെ വാഹനം യാത്ര തുടർന്നു. ഉച്ചയ്ക്ക് കൂടി ഞങ്ങൾ മസനകുടിയിൽ എത്തി. ഞങ്ങൾ ബുക്ക് ചെയ്തത് അനുസരിച്ച് ഞങ്ങളുടെ ജില്ലകളും ഉച്ചഭക്ഷണം തയ്യാറായി. ഒരു താടി തടിയൻ മാമൻ അവിടെ കാത്തിരിപ്പ് ഉണ്ടായിരുന്നു അതിനകത്ത് ഒരു പാർക്കും ഉണ്ടായിരുന്നു. വൈകുന്നേരം കൂടി ഫോറസ്റ്റ് കാഴ്ചകൾ കാണാൻ അവരുടെ ബസ്സിൽ കയറി ഞങ്ങൾ പോയി. അങ്ങനെ ഒരുപാട് ജീവികളെ ഞങ്ങൾ അവിടെനിന്നും കണ്ടു. പോകുന്ന വഴിക്ക് എല്ലാം മാനുകളെ കൊണ്ട് നിറഞ്ഞിരുന്നു. യാത്രയായപ്പോൾ ഞങ്ങൾ റൂമിൽ എത്തി. ഫ്രഷ് ആയി ഭക്ഷണം കഴിച്ച് പിന്നീട് സുഖമായി പഞ്ഞിക്കിടക്കാൻ കിടന്നു രാവിലെ എഴുന്നേറ്റ് കുളിച്ച് പുറപ്പെട്ടവരുടെ ജീപ്പിൽ അവിടെ ആകെ കാണാൻ പോയി. ഞങ്ങൾ യാത്ര തുടങ്ങി ചോക്ലേറ്റ് ഫാക്ടറിയും ഒക്കെ ചുറ്റി നടന്നു.ഊട്ടി കാണാൻ പോയി അതിമനോഹരമായിരുന്നു അവിടെ അങ്ങനെ ഒരുപാട് ചുറ്റി വീട്ടിലേക്ക് യാത്ര തിരിച്ചു പോകുന്ന വഴിക്ക് ഒരുപാട് ജീവികളെ കണ്ടു സന്തോഷത്തോടെ നാട്ടിലെത്തി........

# മീൻമുട്ടി വെള്ളച്ചാട്ടം

RIFA FATHIMA 9B

എനിക്ക് ഏറ്റവും ആകർഷകമായി തോന്നിയ കാഴ്ചയാണ് വയനാട്ടിലെ മീൻമുട്ടി വെള്ളച്ചാട്ടം അത് കാണാൻ നല്ല ഭംഗിയാണ് പാറക്കൂട്ടങ്ങളിൽ തട്ടി നിന്ന വെള്ളം താഴത്തേക്ക് പതിക്കുന്നത് എന്ത് രസമാണ് കാണാൻ പാറക്കൂട്ടങ്ങളിൽ നിന്ന് വെള്ളച്ചാട്ടം താഴേക്ക് പതിക്കുന്നു നേരം നോക്കി നിന്നാലും നമുക്ക് അതിൽ നിന്നും കണ്ണ് എടുക്കാൻ സാധിക്കില്ല വെള്ളച്ചാട്ടം താഴേക്ക് പോകുമ്പോൾ കഥകൾ പൊന്തി വരുന്നതുപോലെ കാണാം നമ്മുടെ മനസ്സിന് കുളിർമ നൽകുന്ന ഒരു കാഴ്ചയാണ് മീൻമുട്ടി വെള്ളച്ചാട്ടം

# ഡിജിറ്റൽ പെയിൻറിംഗ്



ഡാമിൻ മുഹമ്മദ് (8C) ജിംബിൽ തയ്യാറാക്കിയ ഡിജിറ്റൽ പെയിൻറിംഗ്

# മൂന്നു നെയ്ത്തുകാർ

FATHIMA AK 9B



ഒരിക്കൽ ഒരു ചെറിയ ഗ്രാമത്തിൽ ഒരു സ്ത്രീ അവരുടെ മകളായ ജോൺസിയോടൊപ്പം താമസിച്ചിരുന്നു ജോലിയായിരുന്നു രണ്ടും അവർ ചെയ്തിരുന്നത് അവർ ദിവസം മുഴുവൻ ആയിരുന്നു ജോൺസി അമ്മയെ ഒട്ടും സഹായിക്കില്ലായിരുന്നു ചക്കയുടെ ശബ്ദം കേൾക്കുന്നത് തന്നെ അവൾക്കിഷ്ടം ഇല്ലായിരുന്നു പക്ഷേ അവൾക്ക് ചിത്രം വരയ്ക്കാൻ വളരെ ഇഷ്ടമായിരുന്നു അമ്മ വിചാരിച്ചു അവൾ സമയം പഴക്കും അമ്മ വിളിച്ചു ജോൺസി മകളെ ജോൺസി നീ എന്ത് ചെയ്യുകയാണെന്ന് ഈ നൂൽ നൂൽക്കാൻ എന്നെ സഹായിക്കൂ ഒരു മിനിറ്റ് അമ്മ ഞാൻ ഈ പടം വരച്ചു തീരാറായി എത്ര പ്രാവശ്യം എന്നോട് പറഞ്ഞു ഈ പടം വരച്ചു വെറുതെ സമയം കളയരുത് നിനക്ക് ഇത് ഒന്നും മനസ്സിലാവാറില്ല ഞാനൊരു ദിവസം മുഴുവൻ എന്തിനാണ് നൂൽ നൂൽക്കുന്നത് കാശുണ്ടാക്കാൻ അല്ലേ നീ ആണെങ്കിൽ ഇങ്ങനെ ഇരുന്നു വെറുതെ സമയം കളയുന്നു പക്ഷേ അമ്മ ഞാൻ വീട്ടമ്മ മാർക്ക് വേണ്ടിയാണ് ഈ പെയിൻറിങ് ചെയ്യുന്നത് അവർ പറഞ്ഞു എനിക്ക് ഇതിൽ നിന്ന് നല്ല പ്രതിഫലം തരാമെന്ന് അത് ഒക്കെ പോട്ടെ വല്ല പണിക്കാർക്ക് നിനക്ക് ഒന്നോ രണ്ടോ ചിത്രം വിൽക്കാൻ പറ്റും അങ്ങനെ എത്ര പേരുണ്ട് നമ്മുടെ ഈ ലോകത്ത് എന്നാലും ഓരോ മനുഷ്യനും തുണി ആവശ്യമാണ് അപ്പോൾ ഓരോരുത്തരും നമ്മുടെ അടുക്കൽ നിന്നും തുണി വാങ്ങും ഉള്ള സമയം ജോലി ചെയ്യൂ ഇങ്ങോട്ട് വാ ഇത് എന്നെ സ്ഥിരം പതിവ് തന്നെയായിരുന്നു ഒരു ദിവസം അമ്മയ്ക്ക് ദേഷ്യം വന്നു അവൾ ബ്രഷ് എറിഞ്ഞു ജോൺസി സങ്കടപ്പെട്ടു അങ്ങനെ അവർ നൂലിലേയ്ക്കുമ്പോൾ അവിടെ രാജ്ഞി വരാൻ ഇടയായി രാജ്ഞി നോക്കുമ്പോൾ ജോൺസി കരയുന്നത് പെട്ടെന്ന് അവളുടെ അമ്മ വന്നു ചോദിച്ചു അവൾ എന്തിനാണ് കരയുന്നത് അമ്മ പറഞ്ഞു അവളോട് കുറച്ചു സമയം വിശ്രമിക്കാൻ പറഞ്ഞതിന് അവൾക്ക് വളരെ ഇഷ്ടമാണ് രാജ്ഞി അത്ഭുതപ്പെട്ടു. ഇത്രയും നല്ല ജനങ്ങൾ എൻറെ നാട്ടിൽ ഉണ്ടെന്ന് മനസ്സിലാക്കിയതിൽ ഞാൻ സന്തോഷിക്കുന്നു അങ്ങനെ രാജ്ഞി പറഞ്ഞു എൻറെ കൊട്ടാരത്തിൽ അവളെ ഞാൻ കൊണ്ടുപോകുന്നു എനിക്ക് ഭയങ്കര ഇഷ്ടമാണ് അങ്ങനെ അവർ കൊട്ടാരത്തിൽ എത്തി ഒരു റൂം മുഴുവൻ നല്ല പഞ്ഞി കെട്ടുകൾ ഉണ്ടായിരുന്നു അവളോട് പണിയെടുക്കാൻ പറഞ്ഞു അവൾ ആദ്യമായാണ് ഇത്രയും വലിയ ചക്ക കാണുന്നത് അവൾ പഞ്ഞിയെ നൂൽ നയിക്കാൻ തുടങ്ങി വന്നപ്പോൾ മാത്രമേ തയ്യാറാക്കിയിട്ടുള്ളൂ

ചോദിച്ചപ്പോൾ അവൾ പറഞ്ഞു വീട് വിട്ട് വന്നതിൽ സങ്കടം ഉണ്ട് അതുകൊണ്ടാണ് രാജ്ഞി പോയപ്പോൾ അവിടെ മൂന്ന് പ്രത്യക്ഷപ്പെട്ടു അവർ പറഞ്ഞു നിന്നെ ഞങ്ങൾ സഹായിക്കാം പക്ഷേ ഈ വികൃത രൂപമുള്ള ഞങ്ങളെ നീ എൻറെ ആഡംബര കല്യാണത്തിന് നീ ഞങ്ങളെ വിളിക്കുമോ അവൾ പറഞ്ഞു ഉറപ്പായും ഞാൻ നിങ്ങളെ വിളിക്കും ഗംഭീരസദ്യ നൽകും അങ്ങനെ അവർ പഞ്ഞിക്കെട്ടുകൾ മുഴുവൻ നൂലാക്കി അവളെ രാജ്ഞിയുടെ മൂത്ത മകനെ കൊണ്ട് വിവാഹം ചെയ്യിപ്പിച്ചു അപ്പോൾ അവിടെ മൂന്ന് അവർക്ക് അവൾ പറഞ്ഞതുപോലെ ഗംഭീര സദ്യ നൽകി കുമാരൻ അവരുടെ അടുത്ത് ചെന്ന് നൃത്തം ആടാൻ തുടങ്ങി. അവരിൽ ഒരാൾ പറഞ്ഞു എനിക്ക് ചരക്ക് ഉപയോഗിച്ച് കാൽ മുറിച്ച് എനിക്ക് നല്ല രീതിയിൽ നടക്കാൻ സാധിക്കുന്നില്ല മറ്റൊരാൾ പറഞ്ഞു എനിക്ക് പാടാൻ കഴിയില്ല നൂല് നക്കി മോശമായിരിക്കുന്നു മൂന്നാമത്തെ ആൾ പറഞ്ഞു നല്ല പഞ്ഞിക്കിട്ട നോക്കി എൻറെ കണ്ണുകൾ നഷ്ടപ്പെട്ടിരിക്കുന്നു രാജകുമാരന് ഭയം തോന്നി ഉടനെ രാജകുമാരിയുടെ അടുക്കൽ പോയി നീ എനിക്ക് വേണ്ടി നിർത്തണം രാജകുമാരി പറഞ്ഞു എനിക്ക് അത് തീരെ ഇഷ്ടമായിരുന്നു എനിക്ക് ചിത്രം അപ്പോൾ രാജകുമാരൻ സന്തോഷത്തോടെ പറഞ്ഞു ഈ ലോകത്തെ വ്യത്യസ്ത നിറങ്ങൾ നിനക്ക് ഞാൻ കൊണ്ടുവരും അങ്ങനെ ജോൺസി മൂന്നിരിക്കലും നൂൽ നൂൽ ഇരുന്നില്ല അവർ സന്തോഷത്തോടെ ജീവിച്ചു

# ചുമ്മാ ഒരു യാത്ര................

## ഋതികാ ദാസ് 8E

ഒരു ദിവസം ഞാനും എൻറെ ചേച്ചിയും അനിയത്തിയും അച്ഛനും അമ്മയും കൂടി രാവിലെ തന്നെ പുറപ്പെട്ട് ഭക്ഷണവും കഴിച്ചു പുറത്തുപോയി ആദ്യം ഒരു കല്യാണത്തിന് പോയി കുറച്ചു സമയം അവിടെ നിന്ന് ചോറും കഴിച്ച് പോന്നു പോരുന്ന വഴിയിൽ ഹോട്ടലിൽ കയറി ജ്യൂസ് കുടിച്ചു കഴിക്കാനും ഓർഡർ ചെയ്തു അത് കഴിഞ്ഞ് ഞങ്ങൾ നിർബന്ധിച്ചത് കൊണ്ട് ഡ്രസ്സ് എടുക്കാൻ കടയിൽ പോയി കുറെ സമയം കൊണ്ട് ഞങ്ങൾ അഞ്ചുപേർക്കും ഡ്രസ്സ് എടുത്തു അതുകഴിഞ്ഞ് വടകര പോലീസ് കാൻറീനിൽ പോയി അവിടെ മുഴുവൻ ചുറ്റി നടന്നു പല സാധനങ്ങളും വാങ്ങി നിറച്ചു

അപ്പോഴേക്കും വൈകുന്നേരം കഴിഞ്ഞിരുന്നു. പിന്നെ ഞങ്ങൾ ചെരുപ്പിന്റെ കടയിൽ പോയി ഷൂവും ഒക്കെ വാങ്ങി എല്ലാംകൂടി നിറച്ചു വച്ചു എട്ടു മണിയായപ്പോൾ ഞങ്ങൾ വീട്ടിലേക്ക് വരുന്ന വഴി ഹോട്ടലിൽ കയറി ഷേക്ക് കുടിച്ചു വന്നു വീട്ടിലെത്തിയതും വാങ്ങിയ സാധനങ്ങളൊക്കെ നോക്കാൻ ഞങ്ങൾ ചടപട പോയി എല്ലാം വലിച്ചിട്ടും നോക്കി ഞങ്ങൾ കുളിച്ച് ഫ്രഷായി വാങ്ങിയ ഭക്ഷണം കഴിക്കാൻ തുടങ്ങി ഞങ്ങൾ എല്ലാവരും ഒരുമിച്ച് ഇരുന്ന് കഥയും പറഞ്ഞുകൊണ്ടിരുന്നു ഭക്ഷണം കഴിച്ച് അതുകൊണ്ട് എനിക്ക് ഒരുപാട് സന്തോഷം തോന്നി കഴിച്ചതിനുശേഷം ഫാഷൻ ഷോ മത്സരം പോലെ ഞങ്ങളെല്ലാവരും വാങ്ങിയ ഡ്രസ്സ് ഇട്ടു നോക്കി എല്ലാവർക്കും കാണിച്ച് അഭിപ്രായം ഒക്കെ ചോദിച്ചു എല്ലാം കഴിഞ്ഞ് രാത്രി ഞങ്ങൾ ഉറങ്ങാൻ കിടന്നു. അപ്പോൾ ഞാൻ അങ്ങ് നടന്നതൊക്കെ ആലോചിച്ചു കിടന്നു എനിക്ക് വളരെ സന്തോഷമുള്ള ഒരു ദിവസമായിരുന്നു അത് ഒരുപോലെ ഒരു ദിവസമായിരുന്നു അത് അതുപോലെ ഒരു ദിവസം ഇനിയും വേണമായിരുന്നു

# പ്രകൃതി



Adhidersh t 8D

പ്രകൃതിയെ വികൃതിയാക്കിയാൽ
കോപത്താൽ നാം നശിക്കും
മാനവർ നാം ശ്രമിക്കരുത് ഒരിക്കലും

മണ്ണിൽ പൂക്കുന്ന ഗന്ധമായി മഴ
മനസ്സിൽ തീർക്കുന്ന താളങ്ങളിൽ........
ഇലകളാടുമീ താളത്തിലും
ശബ്ദത്തിലും.......

പ്രകൃതിയെ പ്രണയിച്ചാൽ
പ്രാണനായി തീരുമത്......
പ്രകൃതി മിത്രമായാൽ
വരമായ് മാറുമത്.....

# ചാന്ദ്രയാൻ 3

**മുഹമ്മദ് റാദിൻ 8B**




**ഇന്ത്യയുടെ മൂന്നാമത്തെ ദൗത്യമായ ചന്ദ്രയാൻ 3 വിജയം കണ്ടിരിക്കുകയാണ് 20023 ജൂലൈ 14ന് ആന്ധ്രപ്രദേശിൽ ഉള്ള സതീഷ് ധവാൻ സെൻററിൽ നിന്നും ഇന്ത്യൻ സമയം 2 35 ചാന്ദ്രയാൻ 3 നമ്മൾ വിജയകരമായി വിക്ഷേപിച്ചു ചാന്ദ്രയാൻ മൂന്നിന് 3900 കിലോ ഗ്രാം ഭാര ഉള്ളത് എന്നീ രണ്ട് മോഡ്യൂളുകൾ ചാന്ദ്രയാൻ മൂന്നിൽ ഉൾപ്പെടുത്തിയിട്ടുണ്ട് 2020 മുതൽ ഓഗസ്റ്റ് 5ന് ചാന്ദ്രയാൻ 3 ചന്ദ്രപഥത്തിൽ പ്രവേശിച്ചു ഓഗസ്റ്റ് 17ന് ലാൻഡർ മൊഡ്യൂൾ നിന്നും വേർപെട്ടു. 41 ദിവസങ്ങൾക്ക് ശേഷം 2023 ഓഗസ്റ്റ് 23 വൈകുന്നേരം 64 ചാന്ദ്രയാൻ മൂന്ന് വിജയകരമായി ചന്ദ്രൻറെ ദക്ഷിണ ധ്രുവത്തിൽ ഇറങ്ങി. ഇത് കൂടി ചന്ദ്രനിൽ ഇറങ്ങിയ നാലാമത്തെ രാജ്യവും ദക്ഷിണ ധ്രുവത്തിൽ ഇറങ്ങിയ ഒന്നാമത്തെ രാജ്യവും ഇന്ത്യയായി കഴിഞ്ഞു 14 ദിനങ്ങളാണ് ചാന്ദ്രയാൻ മൂന്ന് പ്രധാന ദൗത്യം**

# ഊട്ടിയിലേക്ക് ഒരു യാത്ര.............

Sheza. Shameel. 8E




എൻറെ ഒരു വലിയ ആഗ്രഹമായിരുന്നു. ഊട്ടിയിൽ പോവണമെന്ന് അങ്ങനെ ഒരു ദിവസം ഊട്ടിയിലേക്ക് പോകാൻ പോയി. എൻറെ കൂടെ കസിനും ഉണ്ടായിരുന്നു നല്ല ഒരു യാത്രയായിരുന്നു അത് മൂന്നുദിവസം ഊട്ടിയിൽ നിന്ന് യാത്ര ചെയ്യുന്ന എന്നതിനിടയ്ക്ക് ഒരുപാട് ആനിമൽസിനെ കണ്ടു ഊട്ടിയിൽ നല്ല തണുപ്പ് ഉണ്ടായിരുന്നു.

അങ്ങനെ ഞങ്ങൾ അവിടെ റൂമെടുത്ത് താമസിച്ചതാണ് രാത്രി നല്ല തണുപ്പുണ്ടായിരുന്നു നല്ല രസമായിരുന്നു അവിടുത്തെ ഭക്ഷണം വൃത്തി ഇല്ലാതായിരുന്നു രാവിലെ എഴുന്നേറ്റ് പുറത്തു നോക്കിയാൽ നല്ല ഭംഗിയുണ്ടാവും അവിടുത്തെ കാരറ്റ് നമുക്ക് പറിച്ചു തിന്നാം അവിടെയുള്ള ചോക്ലേറ്റ് ഫാക്ടറിയിൽ ഞങ്ങൾ പോയി പലതരം വെറൈറ്റി ചോക്ലേറ്റ് ഉണ്ടായിരുന്നു അവിടുത്തെ ഭംഗി കണ്ടാൽ അവിടെ നിന്ന് തിരിച്ചുവരാൻ തോന്നില്ല അവിടെ നിന്ന് ഞാൻ കുറെ അധികം ഫോട്ടോസ് എടുത്തു അതിൽ ഞങ്ങളുടെ കൂടെ ഉള്ളതു കൊണ്ട് നല്ല രസമുണ്ടായിരുന്നു ഈ അനുഭവം അധികവും മറക്കാൻ പറ്റാത്തത് ആയിരുന്നു.

# ഒരു കുടയും കുഞ്ഞു പെങ്ങളും.

Kshama shajesh.  8E




മുട്ടത്തുവർക്കി കുട്ടികൾക്ക് വേണ്ടി എഴുതിയ മലയാളം നോവലാണ് ഒരു കുടയും കുഞ്ഞു പെങ്ങളും 1961ലാണ് ഈ നോവൽ ആദ്യം പ്രസിദ്ധീകരിച്ചത് മാതാപിതാക്കൾ ഇല്ലാത്ത അമ്മയുടെ സഹോദരിയോടൊപ്പം വളർന്ന ബേസി ലില്ലി എന്നീ കുട്ടികളുടെ കഥ.

മഴയുള്ള ഒരു ദിവസം സ്കൂളിൽ പോവുകയായിരുന്നു പണിക്കാരിയായ സഹാബാടി ഗ്രേസിയുടെ നെറ്റ് സഹോദരനായ ബേസി എറിഞ്ഞു ഓടിച്ചു പോലീസിനെ പേടിച്ച് ബേസിമടങ്ങി വരുമ്പോൾ സോങ് സഹോദരിയുടെ രൂപമുള്ള കൂട്ടായ്മയുമായി വരാമെന്ന് ഉറപ്പു കൊടുത്ത് ശേഷം വീട്ടിൽ നിന്നിറങ്ങി പെറ്റമ്മ മാമി തള്ളയുടെ മർദ്ദനം അസഹ്യമായതിനെ തുടർന്ന് പിന്നീട് ഇറങ്ങി ലില്ലി ഒരു ഡോക്ടറുടെ വീട്ടിലെത്തി അദ്ദേഹത്തിൻറെ രണ്ടു മക്കളോടൊപ്പം വളർന്നു. നഗരത്തിലെ ബേബി ആകട്ടെ സൗദാമിനി എന്ന സംഗീത അധ്യാപകരുടെ വീട്ടിൽ എത്തിപ്പെട്ടു വളരുന്നു.

ലില്ലിയുടെ സഹോദരനെ കുറിച്ച് ഡോക്ടർ അവനെ കണ്ടുപിടിക്കാൻ നടത്തിയ ശ്രമങ്ങൾ വിജയിച്ചില്ല ഡോക്ടറുടെ മക്കളുടെ സംഗീത ആയിരുന്നു സദാമിനി അവയിൽ നിന്ന് ബേസിയെ കുറിച്ച് അറിഞ്ഞ ഡോക്ടർ അവനെ തൻറെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവരുന്നു അവിടെ വളർന്ന അവൻ പഠിച്ചു ഡോക്ടർ ആകുന്നു ഡോക്ടറുടെ മക്കൾ മോളിയെ അയാൾ വിവാഹം കഴിച്ചു ഡോക്ടറുടെ മകൻ ജോയിയും വിവാഹം കഴിച്ചു ഡോക്ടർ ബേബിയുടെ ശാസ്ത്രക്രിയ ഒരു യുവതിയെ രോഗിയുമുക്തമാക്കി നന്ദി പ്രകടിപ്പിക്കാൻ എത്തിയ യുവതിയും ഭർത്താവും നൽകിയ പണം ബേബി വാങ്ങിയില്ല പകരം ഒരു കുടസമാനം ചെയ്തു ചോദിക്കുകയാണെന്ന് അയാൾ ചെയ്തു അവർ കുടയും കുടയുമായി എത്തിയപ്പോൾ അത് ഏറ്റുവാങ്ങാൻ ലില്ലിയും എത്തിയിരുന്നു സമ്മാനം കൈമാറിയപ്പോൾ ആ യുവതി ക്രേസി അറിയിച്ചു അങ്ങനെ എല്ലാവരുടെയും സന്തോഷത്തിൽ കഥ അവസാനിക്കുന്നു

# വയനാട്ടിലേക്ക് ഒരു യാത്ര......

Muhammed. 9B




വച്ചപ്പട്ട്വിരിച്ച്കിടക്കുന്നഒരു സ്വർഗ്ഗ ഭൂമിയായിരുന്നു ഈ വർഷത്തെഎൻറെഅവധിക്കാല യാത്ര ആശ്വസിച്ച് ഈ യാത്ര ഞാൻവളരെയേറെആസ്വദിച്ചു ഇരുവശങ്ങളിലുംതോട്ടങ്ങൾ സൂര്യൻ ഉദിച്ചു ഉയർന്നു നിൽക്കുന്നുപുറത്ത്തണുപ്പാണ് എന്നറിഞ്ഞിട്ടും ഞാൻ വാഹനത്തിൻറെ ഗ്ലാസ് അടക്കാതെതന്നെപ്രകൃതിയുടെ സൗന്ദര്യംമതിമറന്ന്ആസ്വദിച്ചു ഈ ലോകത്ത് ഇങ്ങനെ ഒരു സ്ഥലമേഞാൻഎന്നോട്തന്നെ ചോദിച്ചു വഴിയരികിലെ സുന്ദരകച്ചകൾബാക്കിയാക്കി ഞാൻമയക്കത്തിലേക്ക്വീണു ലക്ഷ്യസ്ഥാനത്ത് എത്തിയപ്പോഴാണ് ഞാൻ ഉണർന്നത്അവിടെഎത്തിയതും ഉച്ചകഴിഞ്ഞു.

അവിടെ എത്തിയതും ഭംഗിനിറഞ്ഞ പൂന്തോട്ടം ശാന്തമായ അന്തരീക്ഷം ഉല്ലസിക്കാൻപറ്റിയനല്ലസ്ഥലം വർണ്ണിക്കാൻവാക്കുകളില്ലകണ്ണ് ചിമ്മാതെഞാൻഅത്എല്ലാം ആസ്വദിച്ചു എത്ര കണ്ടാലും മതിയാപ്രകൃതിയല്ലഈപ്രകൃതി ഭംഗികുടുംബനിങ്ങളോട്കൂടി കാരപ്പുഴബാണാസുരഡാമിൻറെ അടുക്കൽഎത്തിഞാൻകണ്ണിമ വെട്ടാതെഎല്ലാംവീക്ഷിച്ചുഈ

ഡാമിനെപറ്റികുറെകഥകളും ചരിത്രങ്ങളുംകേട്ടിട്ടുണ്ട്അവിടെ കുട്ടികളായഞങ്ങൾഉല്ലസിച്ചു കഥകൾപറഞ്ഞുംസമയംനീക്കി ഇതിനെപുറമേഅവിടുത്തെ മനുഷ്യർപ്രകൃതിയോട്കാട്ടുന്ന അടുപ്പം ഞാൻ കണ്ടറിഞ്ഞു ഓർമ്മകളും സ്വപ്നങ്ങളും ആഗ്രഹങ്ങളും ബാക്കിവച്ച് കുടുംബങ്ങളുമായി തിരിച്ചുപോയിഇനിയൊരുയാത്ര വയനാട്ടിലേക്ക് പോകാൻ ആഗ്രഹിക്കുന്നു

# അവധിക്കാല ദിനങ്ങളിലൂടെ..........

വിനായക് കെ എം 8d.



ചുട്ടുപൊള്ളുന്ന വെയിൽ ദിനത്തിൽആയിരുന്നുഇത്തവണ എൻറെസ്കൂൾവേനൽഅവധിക്കാലം ആരംഭിക്കുന്നത് സ്കൂൾ ഇല്ലാതിരുന്നാൽഞാൻപതിവിലും വൈകിയാണ് രാവിലെ എഴുന്നേൽക്കാൻവേനൽചൂടിൽ അച്ഛൻവാങ്ങിതരാറുള്ളസിപ്പപ്പും അമ്മഉണ്ടാക്കിത്തരാനുള്ളജ്യൂസും എനിക്ക്ഒരുആശ്വാസമായിരുന്നു. അധിക ദിവസങ്ങളിലും ഞാൻ കൂട്ടുകാരും ഒത്തു വൈകുന്നേരം കളിൽസൈക്കിൾഓടിക്കുംക്രിക്കറ്റ് കളിച്ചും എൻറെ വേനൽ അവധിക്കാലംആഘോഷമാക്കി അവധിക്കാലത്തിന്കണിക്കൊന്ന പൂവിൻറെനിറമേകാൻആയിവന്ന വിഷു ഞങ്ങൾ ബന്ധ ◌ു മിത്രാദികളോടൊപ്പംഗംഭീരമായി ആഘോഷിച്ചുകുറച്ചുദിവസങ്ങൾ ഞാൻഎൻറെഅമ്മയുടെവീട്ടിൽ താമസിക്കാൻപോയിരുന്നുഅവിടെ പ്രകൃതിരമണീയത നിറഞ്ഞ ഗ്രാമമാണ് വയലും തോടും കുളങ്ങളുംകാണാൻഞാൻഎന്നും വൈകുന്നേരങ്ങളിൽഏട്ടനോടൊപ്പം പോകുമായിരുന്നുഅവിടെനിന്നും സൂര്യസമയംവളരെമനോഹരമായി കാണാൻ കഴിയും ആകാശത്തെ ഓറഞ്ച്നിറമാക്കിക്കൊണ്ട്സൂര്യൻ ചന്ദ്രവാളത്തിലേക്ക്പോയിമറയുന്ന കാഴ്ച എന്നെ എന്നും വിസ്മയിപ്പിക്കുമായിരുന്നു

അവിടുത്തെ പ്രഭാതങ്ങളിൽ തത്തകൾവയലിലെനെൽമണികൾ കുത്തി തിന്നാൻ വരുന്ന ദൃശ്യമായിരുന്നുഞാൻഎപ്പോഴും ഫോണിൽഫോട്ടോഎടുത്തിട്ടുണ്ട് അമ്മയുടെവീട്ടിൽനിന്നുംഞങ്ങളുടെ വീട്ടിൽ തിരിച്ചെത്തി കുറച്ചുനാൾക്കകംവേനൽചൂടിനെ ശമിപ്പിക്കാൻ ആയി വേനൽ മഴ

വന്നെത്തിദൃശ്യമായിപെയ്തമഴയിൽ മണ്ണിൻറെ സുഗന്ധം എനിക്ക് പടർന്നത്ഞാൻചെറുതോണികൾ മഴവെള്ളച്ചാലിൽഒഴുക്കിവിട്ടുഞാൻ ഇടയ്ക്കിടെഅച്ഛനെയും,അമ്മയുടെയും കൂടെഞാൻബീച്ചിൽപോയിരുന്നു കടലിലെ തിരമാലകൾക്കൊപ്പം കളിക്കാൻനല്ലരസമാണ്ബീച്ചിൽ പോകാം ദിവസങ്ങളിൽ അച്ഛൻ എനിക്ക് ഐസ്ക്രീം വാങ്ങി തരുമായിരുന്നുസ്കൂൾതുറക്കുകയോ തുറന്നതിന്ഒരാഴ്ചമുൻപാണ്പുതിയ ബാഗും കുടയും ചെരുപ്പും എല്ലാം അച്ഛൻ എനിക്ക് വാങ്ങിത്തന്നത് രണ്ടുമാസം എത്ര വേഗത്തിൽ കഴിഞ്ഞു പോയെന്ന് എനിക്ക് ഇപ്പോഴും വിശ്വസിക്കാൻകഴിയുന്നില്ല


# ഒരെത്തിനോട്ടം...2023 - 2024













# ഒരെത്തിനോട്ടം...2023 - 2024












മാധ്യമം

കോൽക്കളി, എച്ച്.എസ്.എസ്- ഫഹദും സംഘവും (റഹ്മാനിയ എച്ച്.എസ്.എസ് ആയഞ്ചേരി)

## കോൽക്കളിയിൽ ആയഞ്ചേരി പെരുമ

വളരെ ആവേശം പകർന്ന ഹയർ സെക്കൻഡറി വിഭാഗം കോൽക്കളിയിൽ ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ ജേതാക്കൾ. കൊയിലാണ്ടി അബ്ബാസ് ഗുരുക്കളും ഇതേ സ്കൂളിലെ അധ്യാപകനായ റബിൻ ഗുരുക്കളുമാണ് പരിശീലകർ. 12 ടീമുകൾ മാറ്റുരച്ച മത്സരത്തിൽ 11 ടീമുകളും ഗ്രേഡ് നേടി. ഒരു ടീമിലെ ഒരു കുട്ടിക്കുണ്ടായ ചുവടുപിഴ കാരണം സി ഗ്രേഡായി. ജേതാക്കളുടെ പരിശീലകനായ അബ്ബാസ് ഗുരുക്കൾ പരിശീലിപ്പിച്ച മൂന്ന് ടീമുകൾ എ ഗ്രേഡ് നേടി.

ജോഹിനിയാട്ട

# ഒരെത്തിനോട്ടം...2023 - 2024







## വീർപ്പുമുട്ടി കോൽക്കളി വേദി


കോൽക്കളിയിൽ ഒന്നാം സ്ഥാനം നേടിയ റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ

**കോഴിക്കോട് |** ചടുലതാളങ്ങളും മെയ്‌വഴക്കവും ഇശലിന്റെ ഭംഗിയും എല്ലാം ചേർന്ന കോൽക്കളിയുടെ വേഗനിമിഷങ്ങൾ കലോത്സവനഗരിയിൽ എത്തിയ ആസ്വാദകർക്ക് ഹരം പകർന്നു. കേരളനാടിന്റെ ചരിത്രവും സംസ്കാരവും ഒത്തിണങ്ങിയ വായ്ത്താരികൾ നിറഞ്ഞ പാട്ടിന് ആക്കം കൂട്ടുന്ന വിധത്തിലാണ് കുട്ടികൾ നിറഞ്ഞുകളിച്ചത്. ജില്ലാ സ്കൂൾ കലോത്സവത്തിൽ ഹയർ സെക്കൻഡറി വിഭാഗം കോൽക്കളി കാണാൻ ആസ്വാദകരുടെ വൻതിരക്കാണ് അനുഭവപ്പെട്ടത്.

നാലാം വേദിയായ സേവാഗ്രാം ദക്ഷിണാമൂർത്തി ഹാൾ വിശാലമെങ്കിലും ആളുകളെ ഉൾക്കൊള്ളാനാകാതെ വീർപ്പുമുട്ടി.

ആയഞ്ചേരി റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂളിനാണ് ഇത്തവണയും ഒന്നാം സ്ഥാനം.

കഴിഞ്ഞ വർഷത്തെ സംസ്ഥാന ജേതാക്കളാണ് ഇവർ. പതിനാല് ടീമുകൾ പങ്കെടുത്ത മത്സരത്തിൽ അഞ്ച് ടീമുകൾ മികച്ച പ്രകടനമാണ് കാഴ്ച വെച്ചത്. ആദ്യ പകുതിയിൽ ചടുല താളം കൊണ്ട് വേദിയെ ഇളക്കി മറിച്ച കൊയിലാണ്ടി മാപ്പിള സ്കൂളിന് അവസാനത്തിൽ ചുവട് പിഴച്ചു. ഉപജില്ലാ കലോത്സവത്തിൽ നിന്ന് അപ്പീൽ വഴി മത്സരത്തിന്റെ അവസാന നിമിഷം വേദിയിലെത്തിയ കുഞ്ഞാലി മരക്കാർ സ്കൂളിലെ കുട്ടികൾക്ക് എ ഗ്രേഡ് നേടാനേ കഴിഞ്ഞുള്ളു.

# ദാരിദ്ര്യത്തിലൂടെയുള്ള സ്വപ്നയാത്ര

Hiba. Fathima c k 9B



അബു അവന് ഒരു പാവപ്പെട്ട കുടുംബത്തിൽ ജനിച്ചവനാണ് അവന്റെ സ്വന്തം അമ്മൂമ്മയാണ് അവൻറെ എല്ലാം എല്ലാമായ തൻ അമ്മൂമ്മയിലായി അവൻ അലിഞ്ഞുചേർന്നു പാത്രം കഴുകി വെക്കാനായി പോയി വൈകുന്നേരം ആയാൽ വിയർപ്പിൽ ആയി അലിഞ്ഞ് കൊണ്ടവൻ വീട്ടിലേക്ക് മടങ്ങും.

എല്ലാമെല്ലാമായ അമ്മൂമ്മ അവൻ വരുമ്പോഴേക്കും കഞ്ഞിയും പ്ലാവില കൊണ്ടുള്ള സ്പൂണും വച്ച് വാൽക്കണിയിൽ ഇരിക്കുകയും ചെയ്യും. അബുവിന്റെ ഏറ്റവും വലിയ ആഗ്രഹം എന്നുള്ളത് വാവപ്പെട്ടവരൊക്കെ ചിലവില്ലാതെ ചികിത്സിക്കുക എന്നതാണ് പക്ഷേ അവൻറെ ജീവിത സാഹചര്യങ്ങൾ അതിനൊത്തതായിരുന്നില്ല അങ്ങനെ ഒരിക്കൽ അവൻ ജോലി ചെയ്യുന്നതിനിടയ്ക്ക് നല്ല ഭംഗിയുള്ള പാൻറും ഷൂട്ടും ഇട്ട ഒരു വ്യക്തി ആ ഹോട്ടലിലേക്ക് കയറി വന്നു അദ്ദേഹത്തെ കണ്ടപ്പോൾ തന്നെ അബു അയാളിൽ ആകർഷകനായി അവൻറെ വസ്ത്ര ധാരണയിൽ അല്ലായിരുന്നു അവൻ ആകർഷണൻ ആയത് അദ്ദേഹത്തിൻറെ കഴുത്തിലിട്ട സ്റ്റെതസ്കോപ്പിൽ ആയിരുന്നു അവൻറെ ശ്രദ്ധ അവൻ അദ്ദേഹത്തോട് സംസാരിക്കാൻ ആദ്യം മടിച്ചെങ്കിലും അവൻ അദ്ദേഹത്തിന്റെ ആ സ്റ്റെതസ്കോപ്പ് ഒന്ന് ഇടാനായി തരുമോ എന്ന് അവൻ വിറച്ചു കൊണ്ട് ചോദിച്ചു മിസ്റ്റർ നിങ്ങളുടെ കഴുത്തിലുള്ള സ്റ്റെതസ്കോപ്പ് ഒന്ന് എനിക്ക് തരുമോ എന്ന അബുവിന്റെ ചോദ്യത്തിൽ ആ ഡോക്ടർ ഒന്ന് അന്തംവിട്ടു നിന്നു.

തന്നോട് ഇതുവരെ സ്റ്റതസ്കോപ്പിനെ കുറിച്ച് ആരും ചോദിച്ചില്ലായിരുന്നു അങ്ങനെ അബുവിന്റെ ജീവിത സാഹചര്യങ്ങൾ എല്ലാം ഡോക്ടർ അറിഞ്ഞു താൻ മാറോട് അണച്ചുകൊണ്ട് അബുവിനെ

ചേർത്തുപിടിച്ചു ഡോക്ടർ അന്നാണ് താൻ കുട്ടിക്കാല ജീവിതത്തെക്കുറിച്ച് ഓർത്തത് വളരെ ഇഷ്ടമായിരുന്നു ഡോക്ടർ എന്ന സ്വപ്നം അത് തനിക്ക് നിറവേറ്റാൻ കഴിഞ്ഞു എന്നാൽ ഈ കുഞ്ഞ് ഡോക്ടർ എന്നു മാത്രമായിരിക്കുമല്ലോ അബു എന്തോ ചിന്തിച്ചു കൊണ്ടിരിക്കുകയാണ് ഡോക്ടർ അവനോട് നീ ഇന മുതൽ ഈ ഹോട്ടലിന്റെ പടിവാതിലും നീ കയറണ്ട ഇനി നീ പഠന മുറിയിലേക്ക് മാത്രം സഞ്ചരിക്കുക എന്ന് അദ്ദേഹം പറഞ്ഞു അബുവിന്റെ കാതുകൾക്ക് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല അങ്ങനെ അവൻ തിരികെ ഹോട്ടലിൽ എത്തിയപ്പോൾ മറഞ്ഞു വീണ്ടും ഏന്തിക്കൊണ്ടും വരുത്തി അങ്ങനെ ഡോക്ടർ എന്ന അവൻറെ സ്വപ്നത്തിൽ ആയി അവൻ തിരികെ എത്തി അങ്ങനെ ഒരു ഗുണപാഠവും പഠിച്ചു എന്ത് സാഹചര്യം ഉണ്ടായാൽ നമ്മുടെ ലക്ഷ്യത്തിലേക്ക് നാം പടികൾ കയറിയാൽ അതിൻറെ അവസാനത്തിൽ എത്തുമെന്ന ഗുണപാഠം




RAHMANIYA
റഹ്മാനിയ ഹയർ സെക്കണ്ടറി സ്കൂൾ
ആയഞ്ചേരി
സ്കൂൾ വാർഷികവും
യാത്രയയപ്പും
2024 ഫെബ്രുവരി 24 ശനി
ഉദ്ഘാടന സമ്മേളനം
വൈകുന്നേരം 3.30 ന്
എൽ പി & KG ഫെസ്റ്റ്
UP, HS, HSS കലാപരിപാടികൾ
പ്രതിഭകളെ അനുമോദിക്കൽ
2023-24 അധ്യയന വർഷത്തെ
എൻന്റോവ്മെന്റ് പ്രഖ്യാപനം
ഉദ്ഘാടനം
ബഹു: കെ മുരളീധരൻ എം പി
സർവീസിൽ നിന്നും വിരമിക്കുന്ന അധ്യാപകർ
പി. സാറ
പി. ബിന്ദു
കിളിയമ്മൽ കുഞ്ഞബ്ദുല്ല
സതീഷ് കുമാർ കെ

# ലഹരി കവരുന്ന കൗമാരം

Rushdha Meher 8F

ലഹരി കവരുന്ന കൗമാരം എന്നത് വളരെയേറെ കാല പ്രസക്തിയുള്ള വിഷയമാണ്. കാരണം ഇന്ന് യുവതലമുറയിൽ സുബലമായ കണ്ടുവരുന്ന ഒന്നാണ് ലഹരി വസ്തുക്കളുടെ അമിതമായ ഉപയോഗം പണ്ട് കേരളത്തിൽ യുവാക്കളും മുതിർന്നവരും കള്ളിലും മുങ്ങുന്ന ഒരു അവസ്ഥയായിരുന്നു എന്നാൽ അത് കാലങ്ങളെയോ വിദ്യാർത്ഥികളെയോ ബാധിച്ചിരുന്നില്ല എന്നാൽ ഇന്ന് കേരളം പലവിധങ്ങളായ പുതിയ ലഹരി വിൽപ്പന്നങ്ങൾ തിളച്ചു മറയുമ്പോൾ കള്ളിനും ചാരത്തിനും ഒക്കെ എന്ത് ലഹരി ഇന്ന് യുപി ക്ലാസ്സ് മുതൽ കുട്ടികൾ വരെ ഉണ്ടാവും വരുന്ന ഒന്നാണ് ലഹരി വസ്തുക്കളുടെ ഉപയോഗം കോളേജ് ക്യാമ്പസുകളിൽ പാർട്ടി എന്നിങ്ങനെ കല്യാണരാവുകൾ വരെ ഇന്ന് ലഹരികളാണ്. ക്ലാസ്സ് കഴിഞ്ഞു വരുന്നവരും ജോലി കഴിഞ്ഞു വരുന്നവരും ഇതിൻറെ വാഹകരും ഉപഭോക്താക്കളു മാണ്

ഇന്ത്യയിൽ കേരളം വിദ്യാഭ്യാസ റാങ്കിൽ ഒന്നാമതായി നിൽക്കുമ്പോഴും ലഹരിയുടെ റാങ്കിൽ ഒന്നാമതാണ് പല പഠനങ്ങളും തെളിയിക്കുമ്പോൾ എന്ന് പറയാൻ തോന്നുകയാണ് ലഹരി ലഭിക്കാൻ പണം വേണം പണം ലഭിച്ചില്ലെങ്കിൽ അതിനായി അവർ കൊല്ലും. അച്ഛനെ അമ്മയെ സഹോദരന്മാരെ മാത്രമല്ല ഇവർക്ക് തോന്നുന്നവരെ എല്ലാം ഇങ്ങനെ ഇല്ലാത്തവരാക്കി മാറ്റുന്ന ഇവരെ ലഹരി ഉപയോഗത്തിന്റെ അനന്തരഫലം എന്താണ് അതി മാരകമാണ് ഇവർ ഉപയോഗിക്കുന്ന ലഹരി വസ്തുക്കൾ. നിറവും മണവും ഇല്ല കുട്ടിക്ക് വിഭാഗത്തിന് പോലും തിരിച്ചറിയാൻ കഴിയാത്ത ഇവ മനുഷ്യൻറെ കവിളുകൾ തുരക്കുന്നു ആമാശയങ്ങൾ തകർക്കുന്നു അതിവേഗം മനുഷ്യനെ മരണത്തേക്ക് തള്ളിവിടുന്ന വളരെ യവ്വനത്തിൽ തന്നെ ആരും തിരിച്ചറിഞ്ഞു നോക്കാനില്ലാതെ മരണത്തിനു കീഴടങ്ങുന്നു . ഒരു സമൂഹത്തെ ഒരു ജനറേഷന് ഒരു രാജ്യത്തെ നശിപ്പിക്കാൻ ബോംബ് വേണ്ട ഇവ പുതിയ തരം ലഹരിവസ്തുക്കൾ മാത്രം മതി ഇതുമായി പുതുതലമുറയ്ക്ക് മുകളിൽ വട്ടമിട്ട് പറക്കുകയാണ് ലഹരി മാഫിയ എന്ന കഴുകൻ കൂട്ടം തിരിച്ചറിഞ്ഞ് നാടും നഗരവും അത്രയും വേഗം നമുക്ക് രക്ഷപ്പെടാം നമ്മുടെ സമൂഹത്തെ അല്ലെങ്കിൽ എംഡി എം എ യും മരിജ്വാലയും നമ്മുടെ നാടിനെ നശിപ്പിക്കുന്നു. കാലം അതിവിദൂരരമല്ല തന്നെ. തീർച്ച.

